നമ്പർ:F3.47942/09

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി:28-01-2010.

## സർക്കുലർ

വിഷയം :- സാമൂഹ്യക്ഷേമ വകുപ്പ്-വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതി-അപേക്ഷകൾ സ്വീകരിക്കുന്നതും തുടർ നടപടി ക്രമങ്ങളും-മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- സ.ഉ.(സാധാ)നം.04/2010/സാ.ക്ഷേ.വ. തീയതി 04-01-2010.

വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസം ലഭിക്കുന്നതിന് ധനസഹായം നൽകുന്നതിനായി 42 ലക്ഷം രൂപ (നാല്പത്തിരണ്ട് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-103-92 (P) ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കുന്നതിന് സൂചന രണ്ടിലൂടെ സർക്കാരിൽ നിന്നും ഉത്തരവായിട്ടുണ്ട്. ചുവടെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവരാണ് ഗുണഭോക്താക്കൾ.

1. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വനിതകൾ ഗൃഹനാഥരായുള്ള കുടുബങ്ങളിലെ കുട്ടികൾ. (രേഖകൾ ഹാജരാക്കണം)
2. ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള വിഭാഗത്തിൽ (എ.പി.എൽ) HIV/AIDS ബാധിതർ, സാമൂഹ്യകമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ തുടങ്ങിയ കുടുബങ്ങളിലെ കുട്ടികൾ. (രേഖകൾ ഹാജരാക്കണം)

### നിബന്ധനകൾ

1. അപേക്ഷക ഗൃഹനാഥയാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കണം.
2. ഒരു കുടുംബത്തിൽ പരാമവധി രണ്ടു കുട്ടികൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.
3. അപേക്ഷകൾ അംഗൻവാടി വർക്കർമാർ വഴി സി.ഡി.പി.ഒ. മാർ ശേഖരിച്ച് ശുപാർശ ചെയ്ത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് നൽകേണ്ടതാണ്.
4. സംസ്ഥാന കേന്ദ്ര സർക്കാരിൽ നിന്നും ഒരു വിധത്തിലുള്ള സ്കോളർഷിപ്പും ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റുന്നവർ ഈ ധന സഹായത്തിന് അർഹരല്ല.
5. പകർപ്പുകൾ സാക്ഷ്യപ്പെടുത്ത ലഭ്യമാക്കേണ്ടതാണ്.

ധനസഹായ തുക

1. എസ്.എസ്.എൽ.സി. മുതൽ +2 വരെ പഠിക്കുന്ന ഒരു കുട്ടിക്ക് പ്രതിമാസം 250/- രൂപാവീതം 10 മാസത്തേയ്ക്ക് 2500/- രൂപയും ഡിഗ്രി തലംമുതൽ പഠിക്കുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 500/- രൂപാവീതം 10 മാസത്തേയ്ക്ക് 5000/- രൂപ ആണ് ധനസഹായമായി അനുവദിക്കുന്നത്. ഈ സാമ്പത്തിക വർഷം രണ്ടു വിഭാഗങ്ങളിലും 560 പേർക്ക് വീതം ധനസഹായം അനുവദിക്കുന്നതാണ്.
2. അപേക്ഷകളിൽ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കണം.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും ഈ ധനസഹായത്തെക്കുറിപ്പ് അംഗൻവാടി വർക്കർമാരെ അറിയിക്കേണ്ടതും അംഗൻവാടി വർക്കർമാർ വഴി ഈ ധനസഹായ പദ്ധതിക്ക് വ്യാപകമായ പ്രചരണം നൽകി ശിശു വികസന പദ്ധതി ഓഫീസർമാർ അർഹതയുള്ളവരിൽ നിന്നും ലഭിച്ച അപേക്ഷ പരിശോധന നടത്തി ശുപാർശ സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് 2010 ഫെബ്രുവരി 20 ാം തീയതിക്കകം അയച്ചു കൊടുക്കേണ്ടതാണ്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ അപേക്ഷകൾ സ്വീകരിച്ച് പരിശോധന നടത്തി ധനസഹായത്തിന് അർഹരായവരുടെ ലിസ്റ്റ് ഫെബ്രുവരി 28 ാം തീയതിക്കകം സാമൂഹ്യക്ഷേമ ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

ഈ പരിപത്രം കൈപ്പറ്റിയ വിവരം മടക്ക തപാലിൽതന്നെ അറിയിക്കേണ്ടതാണ്. മാർഗ്ഗ നിർദ്ദേശങ്ങളും അപേക്ഷാ ഫോറത്തിന്റെ മാതൃകയും സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.
എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും.

K. Raghav

സാമൂഹ്യക്ഷേമ ഡയറക്ടർ.

പകർപ്പ് :-

1. എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3. ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ആഫീസർമാർക്കും.
4. അഡീഷണൽ ഡയറക്ടറുടെ സി.എ.
5. ഡയറക്ടറുടെ സി.എ.
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

## വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായത്തിനുള്ള **അപേക്ഷ.**

| | | |
|---|---|---|
| 1. | അപേക്ഷകയുടെ പേര്, അഡ്രസ്സ്, പിൻകോഡ്, ഫോൺ നം. | |
| 2. | വിദ്യാഭ്യാസ ധനസഹായം ലഭിക്കേണ്ട കുട്ടിയുടെ പേര്, ജനന തീയതി | |
| 3. | പഠിക്കുന്ന ക്ലാസ്സ്, സ്കൂൾ | |
| 4. | സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ ? 'ഉണ്ട്' എങ്കിൽ വിശദവിവരം. | |
| 5. | മുൻവർഷം വിദ്യാഭ്യാസ ധന സഹായം ലഭിച്ചിട്ടുണ്ടോ? 'ഉണ്ട്' എങ്കിൽ വിശദവിവരം. | |
| 6. | അപേക്ഷകയുടെ തൊഴിൽ, വരുമാനം | |
| 7. | അപേക്ഷക ബി.പി.എൽ. വിഭാഗത്തിൽ പ്പെട്ടയാളാണോ? (BPL സർട്ടിഫിക്കറ്റ് ഹാജരാക്കണം) | |
| 8. | അപേക്ഷ APL വിഭാഗത്തിൽപ്പെട്ട ചുവടെ പയുന്ന വിഭാഗത്തിൽപ്പെട്ടയാളാണോ ? എങ്കിൽ ഏത് വിഭാഗത്തിൽ ? HIV/AIDS ബാധിതർ, സാമൂഹിക വിവേചനം അനുഭവിയ്ക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ | |

സ്ഥലം :

തീയതി:

അപേക്ഷകയുടെ ഒപ്പ്, പേര്.

### വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ ശുപാർശ

. . . . . . . . . . . . . . . . . . . എന്ന കുട്ടി ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ . . . . . . . ക്ലാസ്സിൽ പഠിക്കുകയാണെന്നും ടിയാന് കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും സ്കോളർഷിപ്പോ മറ്റ് വിദ്യാഭ്യാസ ധനസഹായമോ ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

തീയതി

(സീൽ)

വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ ഒപ്പ്

### ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ

മേൽ സൂചിപ്പിച്ച അപേക്ഷക ഒരു വനിതാ ഗൃഹനാഥയാണെന്നും BPL കുടുംബത്തിൽ/ APL ജവാന്റെ വിധവ/HIV/AIDS ബാധിതർ/വിവേചനം അനുഭവിക്കുന്നവർ/ആണെന്നും ബോധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽ അപേക്ഷ ശുപാർശ ചെയ്ത് കൊള്ളുന്നു.

(ഓഫീസ് സീൽ)

ശിശു വികസന പദ്ധതി ഓഫീസറുടെ ഒപ്പ്,
സീൽ

---

NB:അപേക്ഷക ഗൃഹനാഥയാണെന്നും BPL കുടുംബത്തിൽപ്പെട്ട ആളാണെന്നും APL ആണെങ്കിൽ അർഹതപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരാണെന്നും തെളിയിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.

J.J/10